(ബി) ഏറ്റെടുത്ത ഭൂമിയിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തില്ല എന്ന് ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിരുന്നോ ;

(സി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്. തിരുവല്ല ബൈപ്പാസിന് ആവശ്യമായ 5.0404 ഹെക്ടർ ഭൂമി 71 വ്യക്തികളിൽ നിന്ന് പൊന്നുംവില നടപടിപ്രകാരവും, നേരിട്ട് ഭൂമി വാങ്ങൽ വഴിയും ഏറ്റെടുത്തിരുന്നു. എന്നാൽ പൊന്നുംവില നടപടിയിൽപ്പെട്ട ഏഴുപേർ പ്രാരംഭഘട്ടം മുതൽ സ്ഥലമെടുപ്പിനും ബൈപ്പാസ് നിർമ്മാണത്തിനുമെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ തുടർച്ചയായ കേസുകൾ ഫയൽ ചെയ്തും സ്റ്റേ വാങ്ങിയും തടസ്സം സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയെങ്കിലും WA 104/14 കേസ്സിൽ പുതിയ സ്ഥലമേറ്റെടുക്കൽ നിയമത്തിന്റെ (2013) 24(2) സെക്ഷൻ പ്രകാരം 2008-ൽ അവാർഡ് പാസാക്കിയ നാൾമുതൽ 5 വർഷത്തിനുള്ളിൽ നഷ്ടപരിഹാരം കൈപ്പറ്റുകയോ, തുക കോടതിയിൽ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ അവാർഡ് റദ്ദ് ചെയ്യാൻ അപേക്ഷകൻ ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട കോടതി പ്രസ്തുത വാദം അംഗീകരിച്ച് അവാർഡ് റദ്ദു ചെയ്യുകയുണ്ടായി. ആയതുമൂലം ഏറ്റെടുത്ത 0.3971 ഹെക്ടർ ഭൂമി തിരികെ നൽകേണ്ടി വന്നിട്ടുണ്ട്.

(ബി) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്ത 5.4375 ഹെക്ടർ ഭൂമിയിൽ ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ള WA.No.104/2014, WPC.19015/2010 എന്നീ കേസുകളിൽ ഉൾപ്പെട്ട 0.3971 ഹെക്ടർ ഭൂമിയിൽ 21-5-2014 വരെ നിർമ്മാണ പ്രവൃത്തികൾ നടത്തില്ല എന്ന് ഗവൺമെന്റ് ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിരുന്നു.

(സി) കരാർ പ്രകാരം 2016 സെപ്റ്റംബർ 9-ാം തീയതിയാണ് ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

മരാമത്ത് മേഖലയിലെ സ്തംഭനാവസ്ഥ

239 (3990) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പൊതുമരാമത്ത് മേഖലയിൽ സ്തംഭനാവസ്ഥയുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണ് ; ആയത് പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013 ഡിസംബറിനുശേഷം എത്ര രൂപയുടെ ബില്ലിന്റെ കുടിശ്ശികയാണ് തീർപ്പാക്കാനുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) ഏറ്റവും കൂടിതൽ കുടിശ്ശിക നൽകാനുള്ള പത്ത് കരാറുകാരുടെ പേരും അവർക്ക് നല്കാനുള്ള തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ സ്തംഭനാവസ്ഥ ഇല്ല.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 1-4-2014 മുതൽ 28-2-2015 വരെ ബിൽ ഡിസ്കൗണ്ടിംഗിന് ശേഷം 1016.03 കോടി രൂപ കുടിശ്ശികയുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ 2013 ഡിസംബറിനുശേഷം 42.48 കോടി രൂപയുടെ കുടിശ്ശികയും, കെട്ടിട വിഭാഗത്തിൽ ബിൽ ഡിസ്കൗണ്ടിംഗിന് ശേഷം 431.24 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെയും, ദേശീയപാതാ വിഭാഗത്തിന്റെയും ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

പടിയൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

240 (3991) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പടിയൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) പടിയൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly